പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2196 17-06-2014 -ൽ മറുപടിക്ക്.

## സാഫല്യം ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാഫല്യം ഭവന പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്; | (എ) സാഫല്യം ഭവന പദ്ധതി പ്രകാരം ആദ്യഘട്ടമായി 288 ഫ്ളാറ്റുകൾ (അകലക്കുന്നം- 48, ചാത്തന്നൂർ-48, പുതുക്കാട് - 72, ചേളന്നൂർ-66, ചോറ്റാനിക്കര-54) നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ ചാത്തന്നൂർ, ചേളന്നൂർ, ചോറ്റാനിക്കര എന്നിവിടങ്ങളിൽ പണി പുരോഗമിക്കുന്നു. |
| (ബി) കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രകാരം എത്ര വീടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; | (ബി) 03/01/2013-ലെ സ.ഉ. (എം.എസ്) നം. 01/2013/ഭവനം പ്രകാരം ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങരയിൽ 144 ഫ്ളാറ്റുകൾ നിർമ്മിക്കാനാണ് അനുമതി നൽകിയത്. |
| (സി) ഇതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ? | (സി) പ്രസ്തുത പദ്ധതി പ്രദേശത്ത് മണ്ണുപരിശോധന നടത്തിയപ്പോൾ ഫൗണ്ടേഷനുള്ള ചെലവ് അധികമായി വരുമെന്നും അംഗീകരിച്ച പദ്ധതി ചെലവിനുള്ളിൽ പണി പൂർത്തിക്കുവാൻ സാധിക്കുകയില്ല എന്നും കണ്ടതിനാൽ ചെട്ടികുളങ്ങരയിൽ പണി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ